(ബി) ഇല്ല.

(സി) 2005 ഡിസംബർ മാസം.

(ഡി) 81 കോടി രൂപ.

സീ പോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണം

45 [3217] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ പോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സീ പോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണം സംബന്ധിച്ച ഭൂമി ഏറ്റെടുക്കൽ നടപടി താഴെപറയുംപ്രകാരം നടന്നുവരുന്നു:

നെടുമ്പാശ്ശേരി, ചെങ്ങമനാട്, ചൊവ്വര, ആലുവ ഈസ്റ്റ്, ആലുവ വെസ്റ്റ്, തൃക്കാക്കര നോർത്ത് തിരുവാങ്കുളം എന്നി വില്ലേജുകളിലായി 198.3752 ഹെക്ടർ സ്ഥലം പൊന്നുംവിലക്കെടുത്തു നൽകുന്നതിനുവേണ്ടി 24-5-2001-ൽ എറണാകുളം ഡിസ്ട്രിക്ട് കളക്ടർക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്. ആയതിൽ നെടുമ്പാശ്ശേരി, ചെങ്ങമനാട്, ചൊവ്വര, എന്നീ വില്ലേജിൽപ്പെട്ട സ്ഥലത്തിന്റെ ഡി. ഡി. പ്രസിദ്ധീകരിച്ചു. ആലുവ ഈസ്റ്റ് വില്ലേജിന്റെ ഡി. ഡി. പൊന്നുംവില തഹസീൽദാർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. മറ്റ് വില്ലേജുകളുടെ 4 (1) നോട്ടിഫിക്കേഷൻ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) സ്വീകരിച്ചുവരുന്നു.

നിർദ്ദിഷ്ട വല്ലാർപാടം ടെർമിനലിൽനിന്നും ദേശീയപാത 47-ലേക്കുള്ള റോഡ് നിർമ്മാണം

46 [3218] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വല്ലാർപാടം ടെർമിനലിൽനിന്നും ദേശീയപാത 47-ൽ കളമശ്ശേരിയിൽ വന്നു ചേരുന്ന റോഡ് നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പാതയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) പ്രസ്തുത പ്രവർത്തി തുറമുഖ യോജിപ്പിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്നതും ആകുന്നു.

കരുനാഗപ്പള്ളി ഓച്ചിറ-ആയിരംതെങ്ങ് റോഡ്

47 [3219] ശ്രീ. എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരുനാഗപ്പള്ളിയിലെ ഓച്ചിറ-ആയിരംതെങ്ങ് റോഡിന്റെ (ചെയിനേജ് 0/00 മുതൽ 2/00 വരെയും 4/00 മുതൽ 4/995 വരെയും) പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഭരണാനുമതി നൽകിയെങ്കിൽ നിർമ്മാണം ഏത് ഘട്ടംവരെ എത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) റോഡിന്റെ ശോച്യാവസ്ഥ, ഫണ്ടിന്റെ ലഭ്യത ഇവയ്ക്കനുസൃതമായി ബഡ്ജറ്റിൽപ്പെടുത്തി മുൻഗണനാ ക്രമമനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്.

(സി ആന്റ് ഡി) 2004-2005 വർഷം ഭരണാനുമതി നൽകുമ്പോൾ ഇത് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly